മാതൃഭൂമി 28 September 2022

# ഫാറ്റി ലിവറിനെ ചെറുക്കാൻ കടൽപായൽ ഉത്പന്നം

കൊച്ചി▸ നോൺ ആൽക്കഹോളിക് ഫാറ്റി ലിവറിനെ ചെറുക്കാൻ കടൽപായലിൽ നിന്നുള്ള ഉത്പന്നവുമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). കടൽപായലുകളിലുള്ള ബയോ ആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചാണ് 'കടൽമീൻ ലിവ്ക്യുവർ എക്സ്ട്രാക്ട്' എന്ന ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നം നിർമിച്ചിരിക്കുന്നത്. ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിനും രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനുമായി സി.എം.എഫ്.ആർ.ഐ. വികസിപ്പിക്കുന്ന ഒമ്പതാമത്തെ ഉത്പന്നമാണിത്.



▶ കടൽമീൻ ലിവ്ക്യുവർ എക്സ്ട്രാക്ട് ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നം

കരളിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും അടിഞ്ഞുകൂടിയ കൊഴുപ്പ് നിയന്ത്രിക്കുന്നതിനും ഇത് സഹായകരമാണെന്ന് ഗവേഷണത്തിന് നേതൃത്വം നൽകിയ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തി പറഞ്ഞു. വ്യാവസായികമായി നിർമിക്കുന്നതിന്, മരുന്ന് നിർമാണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാങ്കേതികവിദ്യ കൈമാറും.കടൽപായൽ കൃഷി വ്യാപകമാക്കാനും പദ്ധതി ആവിഷ്കരിക്കുമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.